Kudumbashree
State Poverty Eradication Mission
Local Self Govt. Department, Govt. of Kerala

7511/എം/2017/കെഎസ്എച്ച്ഒ 07.11.2018

പ്രേഷകൻ

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

സ്വീകർത്താവ്

എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും

സർ,

വിഷയം: ജേർണലിസ്റ്റ് ഇന്റേൺഷിപ്പ് പ്രോഗ്രാം - നടത്തിപ്പ് സംബന്ധിച്ച്.

2019 ജനുവരി 1 മുതൽ 2019 ജൂൺ 30 വരെ 6 മാസത്തേക്ക് കുടുംബശ്രീ ജില്ലാമിഷനുകളിൽ ജേർണലിസ്റ്റ് ഇന്റേൺഷിപ്പ് പ്രോഗ്രാം നടത്തേണ്ടതുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

- 6 മാസത്തേക്ക് ജേർണലിസ്റ്റ് ഇന്റേൺ ആയി പ്രവർത്തിക്കാൻ താൽപര്യമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തി ജില്ലാമിഷൻ കോ-ഓർഡിനേറ്റർക്ക് ഒരു ഇന്റേണിനെ നിയോഗിക്കാവുന്നതാണ്.
- യോഗ്യത: 2017-18-കാലയളവിൽ ജേർണലിസ്റ്റ് ബിരുദം/ബിരുദാനന്തര ബിരുദം പൂർത്തിയാക്കിയവരായിരിക്കണം അപേക്ഷകർ.
- സംസ്ഥാന സർക്കാർ അധീനതയിലുള്ള ഇൻസ്റ്റിറ്റ്യൂട്ടുകൾ, പ്രസ്ക്ലബ് നടത്തുന്ന ഇൻസ്റ്റിറ്റ്യൂട്ടുകൾ, യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നീസ്ഥാപനങ്ങളിൽ നിന്നും

ബിരുദം/ബിരുദാനന്തര ബിരുദം നേടിയവർക്ക് അപേക്ഷിക്കാം. ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യമുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

- വയസ്: 20 നും 30 നും ഇടയിലായിരിക്കണം. (2019 ജനുവരി 1 )
- എക്സ്പീരിയൻസ് നിർബന്ധമല്ല.
- പ്രതിമാസം സ്റ്റൈപ്പന്റ് 10,000/- രൂപ ലഭിക്കുന്നതാണ്. പ്രസ്തുത തുക എൻ.ആർ.എൽ.എം ഫണ്ടിലെ ബ്ലോക്ക് മാനേജ്മെന്റ് കോസ്റ്റ് എന്ന ശീർഷകത്തിൽ നിന്നും വകയിരുത്താവുന്നതാണ്.
- തൊഴിൽ വിവരണം: പത്രക്കുറിപ്പ് തയ്യാറാക്കൽ, റിപ്പോർട്ടിംഗ്, വെബ്സൈറ്റ് അപ്ഡേഷൻ, സോഷ്യൽ മീഡിയ മാനേജ്മെന്റ്, നൂതന പരിപാടി ആവിഷ്കരണം എന്നിവയായിരിക്കും.

ഇതു സംബന്ധിച്ച പത്രക്കുറിപ്പ് 2018 നവംബർ 15-നകം നൽകേണ്ടതാണ്. അപേക്ഷ സ്വീകരിക്കേണ്ട അവസാന തീയതി ഡിസംബർ 10. ഡിസംബർ 30-നകം സെലക്ഷൻ നടത്തി ജനുവരി ഒന്നിനകം നിയമനം നടത്തേണ്ടതാണ് എന്നും അറിയിക്കുന്നു. ജില്ലകളിൽ തെരഞ്ഞെടുക്കപ്പെട്ട ജേണലിസ്റ്റ് ഇന്റേൺസിനെ ജനുവരി 1 മുതൽ 5 വരെ കുടുംബശ്രീ സംസ്ഥാന മിഷനിൽ വച്ച് സംഘടിപ്പിക്കുന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനായി ജനുവരി -1ന് രാവിലെ 10 മണിക്ക് നിയമന ഉത്തരവു സഹിതം എക്സിക്യൂട്ടീവ് ഡയറക്ടർ മുമ്പാകെ ഹാജരാക്കുന്നതിന് നിർദ്ദേശം നൽകേണ്ടതാണ്. ജില്ലകളിൽ നൽകേണ്ട നോട്ടിഫിക്കേഷന്റെ കരട് രൂപം, അപേക്ഷാ ഫോറത്തിന്റെ മാതൃക എന്നിവ ഉള്ളടക്കം ചെയ്യുന്നു. നിയമനം നടത്തിയ മുറയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടവരുടെ പൂർണ്ണമായ വിവരങ്ങൾ സംസ്ഥാനമിഷൻ പബ്ലിക് റിലേഷൻസ് വിഭാഗത്തെ ഔദ്യോഗികമായി അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്) 7/11/18

ഉള്ളടക്കം: വിജ്ഞാപനം,
അപേക്ഷാ ഫോറം(മാതൃക)

എക്സിക്യൂട്ടീവ് ഡയക്ടർ
കുടുംബശ്രീ

## കുടുംബശ്രീ ...................ജില്ലാ മിഷൻ

## വിജ്ഞാപനം

നം ........../..../20..../കെഎസ്.......... .....00..2018

കുടുംബശ്രീ ........................................ ജില്ലാമിഷന് കീഴിൽ 2019 ജനുവരി 1 മുതൽ 2019 ജൂൺ 30 വരെയുള്ള 6 മാസത്തേക്ക് ജേർണലിസ്റ്റ് ഇന്റേൺസായി പ്രവർത്തിക്കാൻ താൽപര്യമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

1. **യോഗ്യത**
    - സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ടുകൾ, പ്രസ്ക്ലബ് നടത്തുന്ന ഇൻസ്റ്റിറ്റ്യൂട്ടുകൾ, അംഗീകൃത യൂണിവേഴ്സിറ്റികളുടെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവിടങ്ങളിൽ നിന്നും 2017-18 ൽ ജേർണലിസം ബിരുദം/ബിരുദാനന്തര ബിരുദം വിജയിച്ചവരായിരിക്കണം.
    - പ്രവൃത്തി പരിചയം നിർബന്ധമല്ല.
    - ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യമുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.
2. **തൊഴിൽ വിവരണം:**
    - കുടുംബശ്രീയ്ക്ക് വേണ്ടി പത്രക്കുറിപ്പുകൾ തയ്യാറാക്കൽ, റിപ്പോർട്ടിംഗ്, വെബ്സൈറ്റ് അപ്ഡേഷൻ, സോഷ്യൽ മീഡിയ മാനേജ്മെന്റ്, നൂതന പരിപാടി ആവിഷ്കരണം.
3. **പ്രായപരിധി**
    - അപേക്ഷകർ 20 നും 30 നും മധ്യേ പ്രായമുള്ളവരായിരിക്കണം. (2019 ജനുവരി 01-ന് 30 വയസ്സ് കഴിയാൻ പാടുള്ളതല്ല).
4. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2018 ഡിസംബർ 10 (വൈകുന്നേരം 5 മണി വരെ)

5. **അപേക്ഷകർക്കുള്ള മറ്റ് നിബന്ധനകൾ**

1 2018 ഡിസംബർ 10-നു ശേഷം ലഭിക്കുന്ന എല്ലാ അപേക്ഷകളും നിരസിക്കുന്നതായിരിക്കും.

2 അപേക്ഷ ഫോറത്തിന്റെ മാതൃക www.kudumbashree.org എന്ന വെബ്സൈറ്റിന്റെ careers എന്ന വിഭാഗത്തിൽ ലഭ്യമാണ്.

3 അപേക്ഷകൾ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ (പ്രായം, യോഗ്യത, പ്രവൃത്തി പരിചയം (ഉണ്ടെങ്കിൽ) എന്നിവ തെളിക്കുന്നതിനുള്ള) സഹിതം ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, ..................................................എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

4 ജില്ലാ തലത്തിൽ നടത്തുന്ന ഏഴുത്തുപരീക്ഷയുടെയും അഭിമുഖത്തിന്റേയും അടിസ്ഥാനത്തിലായിരിക്കും തെരഞ്ഞെടുക്കുന്നത്.

5 ജേർണലിസ്റ്റ് ഇന്റേണായി തെരെഞ്ഞെടുക്കപ്പെടുന്നവർക്ക് 10,000 രൂപ വീതം പ്രതിമാസം സ്റ്റൈഫന്റ് അനുവദിക്കുന്നതായിരിക്കും.

6 കാലാവധി പൂർത്തിയാക്കുന്ന ഇന്റേൺസിന് പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകുന്നതായിരിക്കും.

**ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ**
**....................................കുടുംബശ്രീ**

# KUDUMBASHREE

## Journalist Internship Programme

**APPLICATION FORM**

**(Application forwarded in format other than this will be summarily rejected)**

| | | | |
|---|---|---|---|
| 1. | Name of the Candidate | : | |
| 2. | Age & Date of Birth | : | |
| 3. | Sex (Male/Female) | : | |
| 4. | Marital Status | : | |
| 5. | Address for correspondence (with pin code) | : | |
| 6. | Permanent Address | : | |
| 7. | Telephone (Landline/Mobile) | : | |
| 8. | E-mail Address | : | |
| 9. | Experience, if any(Specify) | : | |

10. **Educational Qualification**

| Sl. No. | Course | Institution | University/Board | Year of Completion | Percentage of marks |
|---|---|---|---|---|---|
| 1. | | | | | |
| 2. | | | | | |

**11. Any other relevant information that you wish to furnish**

| |
|---|
| |

**DECLARATION**

I do hereby declare that all the statements made in this application are true, complete and correct to the best of my knowledge and belief. I understand that in the event of any particular information given above being found false or incorrect, my application is liable to be rejected.

Place:
Date :

Signature & Name of the Applicant:

*** Copy of all the Certificates (to prove age, educational qualification, experiecnce if any) should be attached along with the application**